# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2432**

### എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എമർജിംഗ് കേരളയുടെ ഫലമായി സംസ്ഥാനത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചതായിട്ടാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാധ്യതകളും ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുക എന്നതും വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തിന്റെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുകയെന്നതുമായിരുന്നു എമർജിംഗ് കേരള ലക്ഷ്യമിട്ടത്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിംഗ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു.<br><br>2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നു. അതിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (ബി) എമർജിംഗ് കേരളയുടെ ഉത്ഘാടന വേദി ഒരുക്കാൻ ഏല്പിച്ച സ്ഥാപനത്തിന്റെ ഉടമകളാരാണെന്ന് വ്യക്തമാക്കുമോ; | (ബി) എമർജിംഗ് കേരളയുടെ ഉദ്ഘാടനവേദി ഒരുക്കാൻ കെ.എസ്.ഐ.ഡി.സി. യുടെ എംപാനൽഡ് ഏജൻസിയായ സ്റ്റാർക്ക് കമ്മ്യൂണിക്കേഷനെയാണ് ഏൽപ്പിച്ചത്. |
| (സി) ആഡംബര സംവിധാനമുള്ള ഹോട്ടലിൽ ഏതെല്ലാം അധിക ക്രമീകരണങ്ങളാണ് ഉദ്ഘാടനവേളയിൽ ക്രമീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) കൊച്ചിയിലെ ലേമെറിഡിയൻ ഹോട്ടലിൽ വച്ചാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. ഉദ്ഘാടനവേദിയുടെ ഒരുക്കങ്ങൾ, സ്റ്റേജിന്റെ പിൻഭാഗത്തുള്ള തിരശ്ശീലകൾ, |

ആർച്ചുകൾ, പരസ്യങ്ങൾ, ചിഹ്നങ്ങൾ ഉദ്ഘാടന വിളക്ക്, ദൃശ്യ ശബ്ദ സംവിധാനങ്ങൾ, കമ്പ്യൂട്ടർ അനുബന്ധ സംവിധാനങ്ങൾ, പ്രദർശനത്തിനായുള്ള സ്ഥലങ്ങൾ, പി.ആർ.ഡി. & മീഡിയ സെന്റർ തുടങ്ങിയവ ഉദ്ഘാടനവേളയിൽ ക്രമീകരിച്ചിരുന്നു.

(ഡി) എമർജിംഗ് കേരളയുടെ പരസ്യപ്രചാരണത്തിനായി കമ്പനിയെ തെരഞ്ഞെടുത്തത് ഏത് മാർഗ്ഗത്തിലൂടെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എമർജിംഗ് കേരളയുടെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി.യുടെ എംപാനൽ ചെയ്തിരുന്ന 5 അഡ്വൈർടൈസ്മെന്റ് ഏജൻസികൾക്കായി എമർജിംഗ് കേരളയുടെ നടത്തിപ്പിനോടനുബന്ധിച്ച് വിവിധ ചുമതലകൾ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. എമർജിംഗ് കേരളയുടെ നടത്തിപ്പിനെക്കുറിച്ചുള്ള ഓരോ ഏജൻസിയുടെയും ആശയങ്ങൾ കെ.എസ്.ഐ.ഡി.സി. പ്രസന്റേഷൻ രൂപത്തിൽ പരിശോധിക്കുകയുണ്ടായി. അതിനെത്തുടർന്നുള്ള വിലയിരുത്തലിന്റെ ഭാഗമായി സ്റ്റാർക്ക് കമ്മ്യൂണിക്കേഷനെയും, സൗഭാഗ്യ അഡ്വർടൈസിങ്ങ് ഏജൻസിയേയും എമർജിംഗ് കേരളയുടെ പരസ്യപ്രചാരണത്തിനായി ചുമതലപ്പെടുത്തി.

(ഇ) പരസ്യപ്രചാരണത്തിനായി ഏതെല്ലാം ഇനത്തിലാണ് തുക നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഇ) പരസ്യപ്രചാരണത്തിനായി നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം.

**Advertisement, Publicity and other Promotional Activities**

| Particulars | Amount(in Rs.) |
|---|---|
| Print advertisement | 28343783.00 |
| Translites at Airports | 17247301.00 |
| Panel Discussions | 13603468.00 |
| Hoardings inside Kerala | 5433130.00 |
| Media Campaigns | 4769008.00 |
| Online Promotion | 4538220.00 |
| National and Regional Media Coverage | 2696640.00 |
| Shooting of Promotional films | 2022479.00 |
| Sponsorship | 886520.00 |
| Logo launch | 508783.00 |
| Web site development | 480255.00 |
| Consultation | 449440.00 |
| Other Publicity material | 3932255.00 |
| | **84911282.00** |

22/1/kc